**കേരള സർക്കാർ**

നമ്പർ.27565/ഡി.ഡി.2/13/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡി.ഡി.) വകുപ്പ്
തിരുവനന്തപുരം, തീയതി: 2/05/2013

**<u>സർക്കുലർ</u>**

വിഷയം:- തസ്വഭവ - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മേറ്റിനെ നിയമിക്കുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

23.05.2012-ലെ സർക്കുലർ നം.23804/ഡിഡി 2/12/തസ്വഭവ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരെ നിയമിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഒരു വാർഡിൽ മുൻ വർഷം ഏറ്റവും കൂടുതൽ ദിവസം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുത്ത കുടുംബങ്ങളിലെ നിശ്ചിതയോഗ്യതയുള്ള വനിതകളെ മേറ്റുമാരായി തെരഞ്ഞെടുക്കേണ്ടതാണെന്നും അങ്ങനെ നിയമിക്കുന്നവരെ നിർബന്ധമായും 14 ദിവസം കൂടുമ്പോൾ മാറ്റിയിരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു.

മേൽ നിർദ്ദേശം ചില ഗ്രാമപഞ്ചായത്തുകളിൽ പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേറ്റുമാരായി തെരഞ്ഞെടുക്കുന്നവർ തൊട്ടുമുൻവർഷം ഒരു വാർഡിൽ നിന്നും ഏറ്റവും കൂടുതൽ തൊഴിൽ ചെയ്ത കുടുംബങ്ങളിൽ നിന്നായിരിക്കണമെന്നും, അങ്ങനെ നിയമിക്കുന്നവരെ നിർബന്ധമായും 14 ദിവസം കഴിഞ്ഞ് മാറ്റിയിരിക്കണമെന്നും നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തുകളും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

ജി.ശിവപ്രസാദ്
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

4. എല്ലാ ജില്ലാകളക്ടർ / ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ